ഉന്നതവിദ്യാഭ്യാസ മേഖലകൾ

27(*117) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക പദവിയോടെ ഉന്നതവിദ്യാഭ്യാസ മേഖലകൾക്ക് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) സ്വകാര്യ മേഖലയിൽ അക്കാദമിക് സിറ്റികൾക്ക് അനുമതി നൽകുവാൻ പദ്ധതി വിഭാവനം ചെയ്യുന്നുണ്ടോ; എങ്കിൽ നിലവിലെ വിദ്യാഭ്യാസ സംവിധാനത്തെ അത് ഏത് വിധത്തിൽ ബാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഉണ്ട്.

(ബി) അന്താരാഷ്ട്രതലത്തിലെ കോഴ്സുകൾ ലഭ്യമാക്കുക, അന്താരാഷ്ട്ര തലത്തിലെ പ്രശസ്തരായ ഫാക്കൽറ്റികളുടെ സേവനങ്ങൾ, സിലബസ് തയ്യാറാക്കൽ, തദ്ദേശീയ ഫാക്കൽറ്റികൾക്ക് ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുമായി ചേർന്ന് ഉന്നത വിദ്യാഭ്യാസത്തിന്റെ ക്വാളിറ്റി ഉയർത്തുക, കുറഞ്ഞ നിരക്കിൽ അന്താരാഷ്ട്രതല കോഴ്സുകൾ പഠിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക അതിലൂടെ കേരളത്തെ ഉന്നതവിദ്യാഭ്യാസത്തിനായുള്ള ഒരു അന്താരാഷ്ട്ര ഹബ്ബായി ഉയർത്തുക, ഇവയാണ് അന്താരാഷ്ട്ര ഉന്നത അക്കാദമിക മേഖലകളിലെ ലക്ഷ്യങ്ങൾ.

(സി) അക്കാദമിക് സിറ്റി രൂപീകരണവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും 2016 ജനുവരി 29, 30 തീയതികളിൽ നടത്താനിരിക്കുന്ന ഗ്ലോബൽ എഡ്യൂക്കേഷൻ മീറ്റിലെ ചർച്ചാവിഷയങ്ങളിൽ ഒരു വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

കൈവശക്കാർക്ക് പട്ടയം

28(*118) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി.യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശക്കാർക്ക് മുഴുവൻ പട്ടയം നൽകുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സമയബന്ധിതമായി പട്ടയം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :

(എ) ഭൂമി പതിവ് ചട്ടം 1964 പ്രകാരം സർക്കാർ ഭൂമി പാട്ടത്തിനോ, നിലവിലുള്ളതോ കാലഹരണപ്പെട്ടതോ, അല്ലെങ്കിൽ പ്രതിഷേധാർഹമല്ലാത്ത കയ്യേറ്റത്തിലൂടെയോ കൈവശം വച്ചിരിക്കുകയും ടി കൈവശം 1-8-1971-ന് മുമ്പുള്ളതാണെങ്കിൽ പ്രസ്തുത ഭൂമി കൈവശം വച്ചിരിക്കുന്ന മുഴുവൻ വ്യക്തികൾക്കും ഭവന നിർമ്മാണം, പ്രയോജനപ്രദമായ അനുഭവാവകാശം, കൃഷി എന്നിവയ്ക്കായി പതിച്ച് നൽകുന്നതിന് നിയമവ്യവസ്ഥയുണ്ട്. സർക്കാർ ഭൂമിയോട് തൊട്ടുകിടക്കുന്ന സ്വകാര്യ ഭൂമിയുടെ പ്രയോജനപ്രദമായ അനുഭവാവകാശത്തിന് 15 സെന്റ് വരെയും കൈവശാനുഭവത്തിലുള്ള ഭൂമിയിൽ ദേഹണ്ഡം ഇല്ലാത്ത ഭൂമിയിൽ സമതല പ്രദേശത്ത് 1 ഏക്കർ വരെയും മലയോര മേഖലകളിൽ ജലാംശമുള്ള ഭൂമിയിൽ 1 ഏക്കർ വരെയും വരണ്ട ഭൂമി 3 ഏക്കർ വരെയും പതിച്ച് നൽകാം. എന്നാൽ ദേഹണ്ഡമുള്ള ഭൂമിയിലെങ്കിൽ സമതലങ്ങളിൽ 2 ഏക്കർ വരെയും മലയോര മേഖലകളിൽ ജലാംശമുള്ള ഭൂമി 2 ഏക്കർ വരെയും വരണ്ട ഭൂമി 4 ഏക്കർ വരെയും പതിച്ച് നൽകാം.

എന്നാൽ കയ്യേറ്റം വനഭൂമിയാണെങ്കിൽ, 1993-ലെ പ്രത്യേക ചട്ടം (വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) പ്രകാരം 1-1-1977-ന് മുമ്പ് കയ്യേറ്റം നടത്തിയിട്ടുള്ളതും പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കപ്പെടുന്ന എങ്കിൽ കയ്യേറ്റം നടത്തിയവർക്ക് കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്ക് കൃഷിക്കും ഭവന നിർമ്മാണം ഷോപ്പ് സൈറ്റ് എന്നീ ആവശ്യങ്ങൾക്കായി 4 ഏക്കർ വരെ ഭൂമി പതിച്ച് നൽകാവുന്നതാണ്. പതിച്ച് കിട്ടിയ വനഭൂമി പ്രസ്തുത നിയമത്തിലെ വകുപ്പ് 3-ലെ നിർദ്ദേശങ്ങൾക്ക് വിധേയമായി ഉപാധികളില്ലാതെ കൈമാറ്റം ചെയ്യാവുന്നതാണ്.

(ബി) സമയബന്ധിതമായി പട്ടയം നൽകുന്നതിന് ജില്ലകളിൽ റവന്യൂ വകുപ്പിൽ ഭൂപരിഷ്കരണം ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നു. കൂടാതെ 1993-ലെ പ്രത്യേക ചട്ട പ്രകാരമുള്ള ഭൂമി പതിവിന് മാത്രമായി ഇടുക്കി ജില്ലയിൽ 6 പ്രത്യേക ഓഫീസുകളും തൃശ്ശൂർ ജില്ലയിൽ 1 പ്രത്യേക ഓഫീസും പ്രവർത്തിച്ചുവരുന്നു. ടി ഓഫീസുകൾക്ക്, പ്രവർത്തന പുരോഗതി വിലയിരുത്തി കൊണ്ട്, എല്ലാ വർഷവും തുടർച്ചാനുമതി സർക്കാർ നൽകിവരുന്നു. നിലവിൽ 31-12-2015 വരെ അനുമതി നൽകിയിട്ടുണ്ട്. വയനാട് ജില്ലയിൽ ഭൂമി പതിവ് സംബന്ധിച്ച് നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഒരു പ്രത്യേക ഓഫീസ് നിലവിലുള്ളതും ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ പ്രത്യേക ഭൂമി പതിവ് ഓഫീസ് തുടങ്ങുന്നതിനുള്ള ശിപാർശ അന്തിമഘട്ടത്തിലുമാണ്.

LIBRARY ARCHIVES Kerala Legislative Assembly